**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6030** **09-11-2021 - ൽ മറുപടിയ്ക്ക്**

**മരങ്ങൾ മുറിച്ച് മാറ്റുന്നതിന് കരാറുകാരെ ലഭിക്കാത്ത സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പ് മരങ്ങൾക്ക് നിശ്ചയിച്ച് നല്കുന്ന വില അധികമാകുന്നതിനാൽ സർക്കാർ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുവാൻ കരാറുകാരെ ലഭിക്കാത്ത സാഹചര്യം നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അപേക്ഷ, മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് G.O(Rt). No. 68/2010/F&WLD തീയതി 10.02.2010 പ്രകാരമുള്ള ട്രീ കമ്മിറ്റി പരിശോധന നടത്തി മരം മുറിക്കുവാൻ അനുമതിയും വിലനിർണ്ണയവും നടത്തുകയും മാത്രമാണ് വനം വകുപ്പ് ചെയ്യുന്നത്. പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതും ലേലം ചെയ്യുന്നതും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളാണ്. |
| (ബി) | അപ്രകാരം അടിയന്തര പ്രാധാന്യത്തോടെ മുറിച്ച മരങ്ങൾ സർക്കാർ ഭൂമിയിൽ അടുക്കി വയ്ക്കുകയും മഴയും വെയിലുമേറ്റ് നശിച്ചു പോകുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | മരങ്ങൾ മുറിച്ചു മാറ്റുന്നതും ഇതുമായി ബന്ധപ്പെട്ട ലേലനടപടികൾ സ്വീകരിക്കുന്നതും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളാണ്. |
| (സി) | ഇത്തരത്തിൽ റവന്യൂ ഭൂമിയിലും പി.ഡബ്ല്യൂ.ഡി. ഭൂമിയിലും മുറിച്ച് അടുക്കി വച്ചിരിക്കുന്ന മരങ്ങൾ നശിച്ചു പോകാതെ വില്പന നടത്തി തുക സർക്കാർ ഖജനാവിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതി നൽകുകയും വിലനിർണ്ണയം നടത്തുകയും മാത്രമാണ് വനം വകുപ്പ് ചെയ്യുന്നത്. ലേലം ചെയ്യേണ്ടതും, മരങ്ങൾ മുറിച്ചു മാറ്റേണ്ട ഉത്തരവാദിത്വവും ബന്ധപ്പെട്ട വകുപ്പുകൾക്കാണ്. |

സെക്ഷൻ ഓഫീസർ